"ഭരണഭാഷ - മാതൃഭാഷ"

അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി1/35904/2014 ചാക്ക, തിരുവനന്തപുരം

തീയതി: 13.04.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-പരീക്ഷാ വിഭാഗം- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2015 ( ആദ്യ സെമസ്റ്റർ) -എം.ഐ.എസ് പോർട്ടലിൽ ട്രെയിനിയുടെ വിവരങ്ങൾ ഇരട്ടിച്ച് വന്നത്- ലിസ്റ്റ് ലഭ്യമാക്കാൻ നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2015 ( ആദ്യ സെമസ്റ്റർ) പരീക്ഷ എഴുതിയ ചില ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ ഇരട്ടിച്ച് വന്നിരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ചില ട്രെയിനികളുടെ വിവരങ്ങൾ ഒന്നിൽ കൂടുതൽ പ്രാവശ്യം ഉൾപ്പെടുത്തിയിരിക്കുന്നതായും കണ്ടെത്തിയിരിക്കുന്നു. ഇത്തരത്തിൽ എം.ഐ.എസ് പോർട്ടലിൽ ഇരട്ടിച്ച് വന്നിരിക്കുന്ന രേഖപ്പെടുത്തലുകൾ ടി പോർട്ടലിൽ നിന്ന് നീക്കം ചെയ്യേണ്ടതായിട്ടുണ്ട്.

ടി വിഷയവുമായി ബന്ധപ്പെട്ട് തങ്ങളുടെ സ്ഥാപനത്തിലെ ട്രെയിനികളുടെ വിവരങ്ങൾ (റെഗുലർ/പ്രൈവറ്റ് ട്രെയിനികൾ) എം.ഐ.എസ് പോർട്ടലിൽ പരിശോധിക്കേണ്ടതും വിവരങ്ങൾ ഇരട്ടിച്ചിട്ടുണ്ടെങ്കിൽ ആയത് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന എക്സൽ പ്രഫോർമയിൽ തയ്യാർ ചെയ്ത് ടി വിവരങ്ങൾ 17.04.2015 ന് മുൻപ് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് കൈമാറേണ്ടതാണ്. നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ആയത് പരിശോധിച്ച് തങ്ങളുടേയും തങ്ങളുടെ അധീനതയിൽ വരുന്ന ഗവ./സ്വകാര്യ ഐ.ടി.ഐകളുടേയും വിവരങ്ങൾ ക്രോഡീകരിച്ച് **deputydirectoroftraining@gmail.com** എന്ന വിലാസത്തിൽ **18.04.2015** നകം ലഭ്യമാക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല. ടി വിവരങ്ങൾ ലഭ്യമായാൽ മാത്രമേ എം.ഐ.എസ് പോർട്ടലിൽ നിന്ന് പ്രസ്തുത വിവരങ്ങൾ നീക്കം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ സമയബന്ധിതമായി ടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ പ്രാവശ്യം ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ട്രെയിനികൾ പരീക്ഷ എഴുതിയ റോൾ നമ്പർ ഒഴിച്ച് മറ്റുള്ള റോൾ നമ്പർ പ്രകാരമുള്ള വിവരങ്ങളാണ് നീക്കം ചെയ്യുവാൻ ശുപാർശ ചെയ്യേണ്ടത് എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:- പ്രഫോർമ

എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്;- 1. അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.പി.ഐ.യു

2. വകുപ്പ് വെബ്സൈറ്റിലേക്ക്

എ-13.4.15

## പ്രൊഫോമ

| ITI_code* | Trainee_Registration_Number | Roll Number | Semester* | Academic_Session | Trainee_Name* | Date of Birth | Gender* | Father_Guardian_Name | P_District* | P_State* | Trade_Module* | Shift* | Unit* | Scheme* | Reason for Deletion |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് വെബ്പോർട്ടലിൽ ഇരട്ടിപ്പ് വന്നതാണെന്നും ടി ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ നിന്ന് നീക്കം ചെയ്യേണ്ടതുമാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

(ഓഫീസ് സീൽ) പ്രിൻസിപ്പാളിന്റെ ഒപ്പ്